

# അപേക്ഷ

**പീറ്റർ നീണ്ടൂർ**

വർണ്ണവർഗ്ഗവിദ്വേഷങ്ങൾ .ക്കറുതിയേകണേ.. നാഥാ(2)
ഏത് ഗുരുചൊന്നതാണീ .. മർത്ത്യഹത്യക്കായ് – ദേവാ..(2)
എന്തിനാണീ പാതകങ്ങൾ ചെയ്തുകൂട്ടുന്നു .. പൂമാൻ (2)
അപരജന്മം തച്ചുടച്ചി- ട്ടെന്തുനേടും നീ മർത്ത്യാ..(2)
ജീവനോടെ തീയ്യിലിട്ട് മനുജനെ ചുട്ടോ.. മൂഢാ(2)
ഗർഭിണിതൻ ഗർഭപാത്രം കുത്തിക്കീറിയോ- ദുഷ്ടാ (2)
യാത്രക്കരെയൊന്നടങ്കം ചുട്ടെരിച്ചുവോ.. നീചാ (2)
ജാതിനോക്കി വാണിഭങ്ങൾ കൊള്ളയിടച്ചോ... ക്രൂരാ...(2)
എന്തിനാണീ രാക്ഷസീയം പഞ്ചജന്യമോ .. നരാ.. (2)
രാഷ്ട്രീയത്തിൻ ചട്ടുകമായ്-മാറീടുന്നുവോ.. നരൻ (2)
ഭരണഭ്രാന്തന്മാരെ നീ –യിന്നമർച്ചചെയ്യണേ...വൻ (2)
ക്രൂരമായ പീഡനങ്ങൾ ക്കവധിയേകണേ... വിഭോ (2)
ഭൂതലം നീ നന്മകളാൽ നിറച്ചീടണമേ .. പ്രഭോ (2)
ശാന്തിമന്ത്രമേവരിലും പൂരിതമാക്കൂ .. ദേവാ.. (2)

*****************************************